## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2730 — 14.02.2013 ൽ മറുപടിയ്ക്ക്

### ഭൂഗർഭ ജലനിരപ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.ദിവാകരൻ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഭൂഗർഭ ജലനിരപ്പ് താഴ്ന്നുകൊണ്ടിരിക്കുന്നതായി ഭൂഗർഭ ജലവകുപ്പ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ റിപ്പോർട്ടിലെ മറ്റ് കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; | (എ) സംസ്ഥാനത്ത് ജലവിതാനത്തിന്റെ ഏറ്റകുറച്ചിലുകൾ അറിയുവാൻ ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി നിരീക്ഷണ കിണറുകളിൽ നിന്നുള്ള ഡാറ്റാ പ്രകാരം പഠനം നടത്തി വരുന്നുണ്ട്. ഇതിൻപ്രകാരം നിരീക്ഷണ കിണറുകളിൽ നിന്നും ലഭ്യമായ ഡാറ്റാ ശേഖരണം 2011 നവംബർ-ഡിസംബർ മാസവും 2012 നവംബർ-ഡിസംബർ മാസവുമായി താരതമ്യ പഠനം നടത്തിയപ്പോൾ 52 ബ്ലോക്കുകളിൽ 0.5 മീറ്റർ മുതൽ 2 മീറ്റർ വരെ ഭൂഗർഭ ജലനിരപ്പിൽ കുറവ് ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ട് മറ്റ് ബ്ലോക്കുകളിൽ നേരിയതോതിലുള്ള കുറവ് ഉണ്ടായിട്ടുണ്ട്. ഇത് പ്രധാനമായി മഴയുടെ ലഭ്യത കുറവുകൊണ്ടാണ് ഉണ്ടായത്. |
| (ബി) അപകടകരമാംവിധം ജലനിരപ്പ് താഴ്ന്ന എത്ര ബ്ലോക്കുകളുണ്ടെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; ഈ സ്ഥലങ്ങളിൽ ഭൂഗർഭ ജലനിരപ്പ് താഴുന്നതിനുണ്ടായ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ ? | (ബി) അപകടകരമാംവിധം ജലനിരപ്പ് താഴ്ന്നതായി കണ്ടെത്തിയിട്ടില്ല. എന്നാൽ 52 ബ്ലോക്കുകളിലും 0.5 മുതൽ 2 മീറ്റർ വരെയുള്ള വ്യതിയാനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇത് പ്രധാനമായും 30-40% മഴയുടെ കുറവ് മൂലമാണ്. |

സെക്ഷൻ ഓഫീസർ